# ഒരു പ്രവാസിയുടെ നേർക്കാഴ്ചകൾ

ഡോ. നന്ദകുമാർ ചാണയിൽ

'രാത്രിവണ്ടിയുടെ കാവൽക്കാരൻ', 'യിസ്രായേലിന്റെ സങ്കീർത്തനം' എന്നീ രണ്ടു ചെറുകഥാസമാഹാരങ്ങളുടെ രചയിതാവായ ശ്രീ സാംസി കൊടുമൺ വടക്കനമേരിക്കൻ മലയാളി സാഹിത്യകാരന്മാരിലെ ഒരു അനുഗൃഹീത കഥാകാരനാണ്. കഥകളുടെ രചനാതന്ത്രവും മർമ്മവും അറിയാവുന്നൊരു എഴുത്തുകാരനെന്ന നിലയിൽ ഇദ്ദേഹത്തിന്റെ ചെറുകഥകൾ വളരെ മേന്മയോടെ വേറിട്ടു നിൽക്കുന്നു. ചെറുകഥാരചനയ്ക്ക് ഫൊക്കാന, ഫോമ, ജനനി, മാം എന്നിവർ ഏർപ്പെടുത്തിയ സമ്മാനങ്ങൾക്ക് അർഹനായിട്ടുണ്ട്. ന്യൂയോർക്കിൽ ഒരു പതിറ്റാണ്ടോളമായി പേരെടുത്ത ഒരു സാംസ്കാരികസംഘടനയായ 'വിചാരവേദി'യുടെ ആരംഭകാലം തൊട്ടുള്ള മുഖ്യസാരഥി കൂടിയാണു ശ്രീ സാംസി കൊടുമൺ.

ഇപ്പോഴിതാ, 'പ്രവാസികളുടെ ഒന്നാം പുസ്തകം' എന്നൊരു നോവലിന്റെ രചനയിലൂടെ ഒരു നോവലിസ്റ്റായി പ്രവാസി മലയാളി സാഹിത്യകാരന്മാരുടെ ഇടയിൽ ശോഭിക്കുന്നു. അതേ, അമേരിക്കയിലേക്കുള്ള മലയാളികളുടെ കുടിയേറ്റചരിത്രവും അവരുടെ ജീവിതത്തിലെ ദ്വന്ദ്വഭാവങ്ങളും സംഘർഷങ്ങളും ഗൃഹാതുരത്വവും സമഗ്രമായി പ്രതിപാദിക്കുന്ന ആദ്യത്തെ നോവലാകയാൽ എന്തുകൊണ്ടുമിതു പ്രവാസികളുടെ ഒരു ഒന്നാം പുസ്തകം തന്നെ. കൂടാതെ, ഒന്നാം പുസ്തകമെന്ന വിവക്ഷ ഹാരി പോട്ടർ സീരീസു പോലെ ഒരു തുടർച്ചയുടെ നാന്ദിയോ സൂചനയോ തരുന്നില്ലേ? നാട്ടിൽ നിന്നുള്ള പ്രശസ്തരായ സാഹിത്യകാരന്മാർ ഇവിടത്തെ സാഹിത്യക്കൂട്ടായ്മകളിൽ വളരെ വാചാലമായി പറയുന്നൊരു കാര്യമാണ് അമേരിക്കയിലെ അനുഭവങ്ങളെ ആസ്പദമാക്കിയുള്ള നല്ല രചനകൾ ഇവിടത്തെ എഴുത്തുകാരിൽ നിന്നുണ്ടാകുന്നില്ല എന്നുള്ളത്. ഗൾഫ് രാജ്യങ്ങളുടെ വക്താവായി ബെന്യാമിന്റെ 'ആടുജീവിതം' സാഹിത്യ അക്കാദമി പുരസ്കാരം നേടിയതിനു പുറമെ സർവകലാശാലകളിലെ പാഠപുസ്തകമാകുകയും ചെയ്തപ്പോൾ മുൻപറഞ്ഞ മുറവിളിക്ക് ആക്കം കൂടി. അതിനു പ്രത്യുത്തരമായി ശ്രീ സാംസി കൊടുമണ്ണിന്റെ നോവൽ വിലസുമെന്നതിനു സംശയമില്ല. ബെന്യാമിന്റേതു നേരിട്ടുള്ള വ്യക്തിഗതാനുഭവത്തിൽ നിന്നുള്ളൊരു കൃതിയല്ല (source secondary ആകയാൽ). എന്നാൽ സാംസിയുടേത് ഏറെയും സ്വാനുഭവങ്ങളിൽ നിന്നു നേരിട്ടറിഞ്ഞതും, പിന്നെയിവിടത്തെ പ്രവാസജീവിതത്തിനിടയ്ക്കു കണ്ടും കേട്ടും അറിഞ്ഞ അനുഭവസമ്പത്തിൽ നിന്നു രൂപപ്പെട്ടതുമാണ്. (അതായത്, primary source എന്നർത്ഥം.)

ജീവിതം കണ്ടെത്തുകയാണ് ഏതൊരെഴുത്തുകാരനും ആദ്യമായി വേണ്ടത്. ഒരർത്ഥത്തിൽ ജീവിതവും ഒരു നീർക്കുമിളയാണ്. അതുകൊണ്ടാണല്ലോ ഒരു കവി പാടിയത്: 'ഗോളചക്രമിതു തിരിയവേ ചെയ്തുതീർക്കാനേറെയുണ്ടേ ക്ഷണികമാമീ നീർക്കുമിളയ്ക്കും' എന്ന്. ഓർത്തുനോക്കുമ്പോൾ ജീവിതവും നീർക്കുമിളയും തമ്മിലെന്താണ് അന്തരം? സാധാരണക്കാരിൽ സാധാരണക്കാരായ ഒരു പറ്റം മലയാളി അമേരിക്കൻ കുടിയേറ്റക്കാരുടെ അസാധാരണ ജീവിതാനുഭവങ്ങൾ യാഥാർത്ഥ്യബോധത്തോടെ വരച്ചുകാണിച്ചതുകൊണ്ടാകാം, ശ്രീ സാംസി കൊടുമണ്ണിന്റെ 'പ്രവാസികളുടെ ഒന്നാം പുസ്തകം' എന്ന കൃതി ജീവിതഗന്ധിയായി അനുവാചകന് അനുഭവപ്പെടുന്നത്.

1960കളുടെ പൂർവാർദ്ധത്തിൽ അമേരിക്കൻ പ്രസിഡന്റുമാരിൽ അതിപ്രശസ്തനായ ജോൺ എഫ് കെന്നഡിയാണ് ഏഷ്യൻ വംശജർക്കുള്ള കുടിയേറ്റനിയമത്തിൽ ഭേദഗതി വരുത്തിയത്. അതോടെ ഭാരതത്തിൽ നിന്ന് അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിന്റെ ഒരു പ്രവാഹം തന്നെ ആരംഭിച്ചു. ഈ ആദ്യകാല കുടിയേറ്റക്കാരിൽ സിംഹഭാഗവും മാലാഖയായ ഫ്ളോറൻസ് നൈറ്റിംഗെയ്ലിന്റെ അനുഗാമികളായിരുന്നു. അങ്ങനെ എത്തിപ്പെട്ട നേഴ്സുമാരിൽ അധികം പേരും ഇടത്തരമോ പാവപ്പെട്ടവരോ ആയ കുടുംബങ്ങളിൽ പെട്ടവരായിരുന്നു. ഏതു വിധവും ഉറ്റവരെ സാമ്പത്തികഭദ്രതയിലെത്തിക്കാൻ ഒന്നും രണ്ടും ജോലികൾ ചെയ്ത് പെടാപ്പാടു പെടുന്നവരായിരുന്നു, അക്കൂട്ടർ. അവർ വിവാഹം ചെയ്തു കൊണ്ടുവന്നവരാകട്ടെ, പല തരക്കാരും. തറവാടിത്തം, ധനസ്ഥിതി, വളർന്നുവന്ന ചുറ്റുപാടുകൾ, പഠിപ്പ്, സൗന്ദര്യം, പെരുമാറ്റം, മനപ്പൊരുത്തം എന്നീ ഘടകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ പൊതുവെ അവരുടെ ദാമ്പത്യജീവിതത്തേയും കുടുംബഭദ്രതയേയും ബാധിച്ചു. ഗ്രന്ഥകർത്താവിന്റെ സാക്ഷ്യം ശ്രദ്ധിക്കൂ: 'എല്ലാമുണ്ടായിട്ടും പൊരുത്തക്കേടുകളുടെ പൽച്ചക്രങ്ങൾക്കിടയിൽ പെട്ടു ചതഞ്ഞരയുന്ന എത്രയെത്ര ദാമ്പത്യങ്ങളുടെ കഥകൾ. പണം ആവശ്യത്തിൽ കവിഞ്ഞാൽ അഹങ്കാരം കൊടികുത്തും. പിന്നെ കടിഞ്ഞാൺ അവന്റെ കൈയിലായിരിക്കും. കഷ്ടിച്ചു കഴിഞ്ഞിരുന്ന പല നേഴ്സുമാരേയും ഇവിടെ ആശ്രിതവിസയിൽ വന്ന ആങ്ങളമാരും ആൺമക്കളും നാട്ടിൽ പോയി കെട്ടിക്കൊണ്ടു വന്നു. ഇവിടെ വന്ന്, ആർഭാടങ്ങൾ കണ്ട്, അതിൽ ഭ്രമിച്ച്, പോഷകാഹാരങ്ങൾ കഴിച്ചു മിനുസപ്പെട്ട്, മനസ്സിൽ ഞാനെന്ന ഭാവം

പെരുകി. രണ്ടും മൂന്നും ജോലികൾ ചെയ്ത് ഒന്നു രണ്ടു വർഷത്തിനകം വീടും കാറുമൊക്കെ വാങ്ങി, അമ്പട ഞാനേ എന്ന ഭാവത്തിൽ ഭർത്താവിനെ നോക്കുന്ന എത്ര പേർ?" ശരിയല്ലേ?

ഗ്രന്ഥകാരന്റെ 'ഒരു വാക്ക്' എന്ന ആമുഖം ഉദ്ധരിച്ചുകൊണ്ടു തന്നെയാകട്ടെ, ഈ പുസ്തകാസ്വാദനം. 'അമേരിക്കൻ ജീവിതം കാട്ടിത്തന്ന ചില യാഥാർത്ഥ്യങ്ങളുടെ ഈ നേർച്ചിത്രങ്ങളിൽ നിങ്ങളും ഞാനുമുണ്ട്. ഇത് അപൂർണമാണ്. എഴുതിയാലും എഴുതിയാലും തീരാത്തത്ര യാതനകളിലൂടെ കടന്നുപോകുന്ന പ്രവാസജീവിതത്തോടു നീതി കാട്ടാൻ കഴിഞ്ഞു എന്നു ഞാൻ പറയില്ല. എത്ര നേടിയാലും അപൂർണമായ എന്തോ ഒന്ന് ഓരോ പ്രവാസിയേയും അലട്ടിക്കൊണ്ടേയിരിക്കുന്നു. ആ നൊമ്പരങ്ങൾ, കണ്ടതും കേട്ടതും അറിഞ്ഞതുമായ സത്യങ്ങൾ ഇതിലെ വരികളിലുണ്ട്.' എത്ര സത്യസന്ധവും നിഷ്പക്ഷവുമായ പ്രസ്താവന; അല്ലേ?

ഈ പുസ്തകത്തിലെ കഥാപാത്രങ്ങൾ നമ്മിൽ പലരുമാണ്, വസ്തുതകൾ നമ്മുടേതുമാണ്. അത്രമേൽ അനുഭവവേദ്യമായ പ്രമേയങ്ങളാണ് സാംസി കൊടുമൺ എന്ന പ്രതിഭാസമ്പന്നനായ എഴുത്തുകാരന്റെ തൂലികയിൽ നിന്ന് ഇറ്റുവീണിരിക്കുന്നത്. എട്ടും പൊട്ടും തിരിയാത്തൊരു ഒമ്പതു വയസ്സുകാരൻ ജോണിക്കുട്ടി വൈഷമ്യങ്ങളോർക്കാതെ, ഒരു ധീരകൃത്യം ചെയ്ത പോലെ, ആലീസെന്നൊരു കൊച്ചു പാവാടക്കാരിയുടെ പാവാട പൊക്കി, 'ഞാനെല്ലാം കണ്ടേ' എന്നാർത്തുവിളിച്ചോടിയ സംഭവത്തിൽ നിന്നു കിളിർത്ത പ്രേമം, ജോണി തോമസ്സിന്റെ ശവമടക്കലിനു ശേഷം ഏകാന്തതയിൽ ഒരു ഫ്ളാഷ്ബാക്ക് പോലെ ആലീസും തന്റെ പൂർവകാലസ്മരണകളുടെ ചുരുളുകളഴിക്കുമ്പോൾ അവരുടെ പ്രേമകഥയും വായനക്കാരനു മനസ്സിലാകുന്നു. ധാരാളം അപസ്വരങ്ങളും താളപ്പിഴകളും അവരുടെ ദാമ്പത്യജീവിതത്തിൽ ഉണ്ടായിരുന്നെങ്കിലും, അഗാധമായ സ്നേഹം അവർക്കിടയിലുണ്ടായിരുന്നു. 'ദൈവം കൂട്ടിച്ചേർത്തവരെ മനുഷ്യർ വേർപെടുത്തരുത്' എന്ന ബൈബിൾ വചനത്തിൽ അടിയുറച്ചു വിശ്വസിച്ചുപോന്നവരാണവർ. അതുകൊണ്ടു തന്നെ ദാമ്പത്യജീവിതം പരിപാവനമായി കാത്തുസൂക്ഷിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നു, ആ മിഥുനങ്ങൾ. ഒരുപക്ഷേ, വെറുപ്പിലും വിദ്വേഷത്തിലും അവസാനിക്കാമായിരുന്നൊരു ബാലന്റെ ചാപല്യം ഒരമൂർത്തമായ അനുരാഗമായി പടർന്നു പന്തലിച്ചു. ആലീസിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കൂ: 'ഈ ജന്മമല്ല, ഇനി എത്ര ജന്മമുണ്ടെങ്കിലും നമുക്കൊന്നിച്ചു മതി. എനിക്കു മാത്രമായി ഒന്നും വേണ്ട. സുഖങ്ങളും ദുഃഖങ്ങളും നമുക്കൊന്നിച്ച്. നമുക്കു വേർപിരിയാൻ കഴിയില്ല. ശിവപാർവതിമാരെന്ന പോലെ...നമ്മുടേത് ജന്മജന്മാന്തരങ്ങളിലൂടെയുള്ള യാത്രയാണ്. നമ്മൾ പരസ്പരം തേടിക്കൊണ്ടേ ഇരിക്കും. നമ്മൾ പരസ്പരപൂരകങ്ങളാണ്.'

അന്ധമായ അനുകരണശീലം കൗമാരപ്രായത്തിലുള്ളവരുടെ ഒരു ബലഹീനതയാണ്. കൗമാരക്കാരി ഹെലൻ കൂട്ടുകാരനുമൊത്തു പുറത്തുപോകുന്നതിനു പിതാവായ ജോണി തടസ്സം നിൽക്കുന്നു. രണ്ടും കല്പിച്ചു പോകാൻ തുനിഞ്ഞ മകളെ പിതാവു പ്രഹരിക്കുന്നു. മകൾ 911 വിളിക്കുന്നു. ബലാൽസംഗത്തിനു തുനിഞ്ഞെന്ന ആരോപണം സ്വന്തം പിതാവിനു നേരേ ഉന്നയിക്കുന്നു. കുറ്റാരോപണത്തിന്റെ പേരിൽ പിതാവിനെ ജയിലിലടയ്ക്കുകയും, പിന്നീടു ജാമ്യത്തിൽ ഇറക്കുകയുമുണ്ടായി. ഹെലനെ ഇവിടത്തെ നിയമം അനുശാസിക്കുന്നതനുസരിച്ച് ജുവനൈൽ ഹോമിലേയ്ക്കു മാറ്റുകയും ചെയ്തു. ഈ ദയനീയാവസ്ഥ നോവലിസ്റ്റു വിവരിക്കുന്ന രീതി ശ്രദ്ധേയം; നോക്കൂ: 'സ്നേഹം സ്വാർത്ഥമാണ്. അവനവന്റെ സുഖങ്ങളേയും താല്പര്യങ്ങളേയുമാണ് ഓരോരുത്തരും സ്നേഹിക്കുന്നത്.' ആലീസ് എന്ന അമ്മ ജോണി എന്ന പിതാവിന്റെ തോളിൽ തല ചായ്ച്ചു. അവർ വെറും പേരുകളായി മാറി. ഒരുപാടു വളച്ചുകെട്ടില്ലാതെ, പറയാനുള്ളത് ഒരു ചലച്ചിത്രാവിഷ്കാരം പോലെ അനുവാചകരുടെ മനസ്സിൽ തങ്ങിനിൽക്കാൻ പറ്റുമാറുള്ള ദൃക്സാക്ഷിവിവരണം ഭാഷാസ്വാധീനവും ആശയപുഷ്ടിയുമുള്ളൊരു എഴുത്തുകാരനേ സാധിക്കൂ.

ഒരു ടാക്സിഡ്രൈവറുടെ ആദ്യദിവസത്തെ തയ്യാറെടുപ്പു വിവരണം ശ്രദ്ധിക്കൂ: 'ചോദിച്ചും പറഞ്ഞും അനുവദിച്ചു കിട്ടിയ വണ്ടിയുടെ നാലു ചക്രങ്ങളും പരിശോധിച്ചു. ഒരു ഭക്തന്റെ ചുറ്റമ്പലപ്രദക്ഷിണം പോലെ ഭക്തിനിർഭരമായിരുന്നു. ഇത് അന്നമാണ്. ഹേ, പീതാംബരധാരിയായ ശകടമേ...കുഴപ്പങ്ങളൊന്നും വരുത്താതെ ഇന്നത്തേക്കുള്ള അപ്പം ഞങ്ങൾ തരണേ.'

സാംസിയുടെ കഥനങ്ങളുടെ ഇടയ്ക്കെല്ലാം ദാർശനികചിന്തകൾ വേണ്ടുവോളം കാണാം. 'പ്രകൃതി സ്ത്രീയെ ഇങ്ങനെ മോഹവസ്തുവായി സൃഷ്ടിച്ചതെന്തിന്? ആരാണ് സ്ത്രീ...എല്ലാ ചപലതകളോടും കൂടിയവൾ. എല്ലാ വശ്യതയും എല്ലാ ക്രൗര്യങ്ങളും എല്ലാ മോഹനതകളും എല്ലാ ദുഷിപ്പുകളും എല്ലാ സൗശീല്യങ്ങളും എല്ലാ ചാഞ്ചാട്ടങ്ങളും എല്ലാ നന്മകളും നിറഞ്ഞവൾ. അവൾ പ്രകൃതിയല്ലാതെ മറ്റെന്താണ്? അല്ലെങ്കിൽ നിർവചനങ്ങളിൽ അവൾ ഒതുങ്ങുമോ? തൊട്ടടുത്തു നിൽക്കുമ്പോഴും ആയിരം കാതം അകലം സൂക്ഷിക്കുന്നവൾ എല്ലാ നിറവുകളോടും കൂടിയവൾ. എങ്കിലും പൊള്ളയായവൾ. യഹോവയുടെ കൈവേലയിൽ ഒതുങ്ങാതെ, തോട്ടത്തിലെ വിലക്കപ്പെട്ട കനിയുടെ പൊരുൾ തേടിയവൾ.'

നീതിബോധത്തെക്കുറിച്ചും സാംസി വാചാലനാണ്. ആർമിയിലെ ഉന്നതറാങ്കുള്ള ഓഫീസറുടെ ജീവിതം താളം തെറ്റിയപ്പോൾ മകനോടു സ്വയം കുമ്പസാരിക്കുന്നൊരു രംഗമുണ്ട്: 'കിട്ടാത്ത സന്തോഷത്തെ ഞാൻ പുറത്തു തേടി.

നിന്റെ മമ്മി അതിനു തടസ്സമായപ്പോൾ, ഈ വെറുക്കപ്പെടേണ്ടവൻ അവരെ വലതുകാൽ കൊണ്ട് ചവിട്ടിക്കൊന്നു. നിയമത്തിൽ നിന്നു ഞാൻ രക്ഷപ്പെട്ടു. പക്ഷേ, കാലം ആരേയും വെറുതെ വിടില്ല മോനേ. ആ കാല് ഇതാ മുറിച്ചു മാറ്റപ്പെട്ടിരിക്കുന്നു. ഉള്ളിലെ നീറ്റലിന് അങ്ങനെയൊരു പരിഹാരമായല്ലോ...ദൈവനീതി വാഴ്ത്തപ്പെടട്ടെ...'

നോവലിസ്റ്റ് ധാരാളം ബൈബിൾ വചനങ്ങൾ കഥയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ ഈശ്വരവിശ്വാസിയാണെന്ന് അനുമാനിക്കാം. അതേസമയം ആൾദൈവങ്ങളേയും അവരുടെ കുടിലതകളേയും കൊള്ളരുതായ്മകളേയും അധികാരദുർമോഹങ്ങളേയുമെല്ലാം ചില കഥാപാത്രങ്ങളിലൂടെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നുണ്ട്.

പച്ചയായ ജീവിതത്തിന്റെ അകവും പുറവും ഈ എഴുത്തുകാരൻ നമുക്കു കാട്ടിത്തരുന്നുണ്ട്. ഈ പുസ്തകത്തിൽ ചരിത്രമുണ്ട്, വ്യത്യസ്ത സംസ്കാരങ്ങളുണ്ട്, ആദർശങ്ങളുണ്ട്, ആത്മകഥാംശമുണ്ട്, വാശിയുണ്ട്, പകയുണ്ട്, വിദ്വേഷമുണ്ട്, സ്നേഹമുണ്ട്, സഹതാപമുണ്ട്, വഞ്ചനയുണ്ട്, കെണിയുണ്ട്, വ്യാമോഹങ്ങളും മോഹഭംഗങ്ങളുമുണ്ട്, ശത്രുതയുണ്ട്, അഹന്തയുണ്ട്, ദൈന്യമുണ്ട്, നാശമുണ്ട്, രതിയുണ്ട്, ആനന്ദമൂർച്ഛയുണ്ട്, സദാചാരചിന്തയുണ്ട്, ദാർശനികതയുണ്ട്, എല്ലാറ്റിനുമുപരിയായി സമൂഹത്തോടുള്ള എഴുത്തുകാരന്റെ പ്രതിബദ്ധതയുമുണ്ട്. എന്താണ് ഇതിലില്ലാത്തത്? 'യദി ഹാസ്തി തദന്യത്ര യന്നേ ഹാസ്തി ന തത് ക്വചിത്' എന്നു മഹാഭാരതത്തെപ്പറ്റി ഒരു ചൊല്ലുണ്ട്. അതിന്റെ അർത്ഥം, 'ഇവിടെയുള്ളത് മറ്റൊരിടത്തുണ്ട്, ഇവിടെയില്ലാത്തത് ഒരിടത്തുമില്ല'. മലയാളികളുടെ അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിന്റെ ഇതിഹാസമായ ഈ നോവലിനെക്കുറിച്ചും മേല്പറഞ്ഞ ഉദ്ധരണി ഏതാണ്ട് ഉചിതമാണെന്ന് ഈ ലേഖകനു തോന്നുന്നു. അപൂർവമായൊരു ലാളിത്യഭംഗി ഈ കൃതിക്കുണ്ട്. വശ്യകോമളമായ ഭാഷയുടെ ചാരുത ഈ കൃതിയുടെ മേന്മ വർദ്ധിപ്പിക്കുന്നു. കഥയ്ക്കുള്ളിൽ കഥയും (Russian Dolls പോലെ) വ്യതിരിക്തമായ ഉപകഥകളും സംശ്ലേഷിച്ചുകൊണ്ടുള്ള പുത്തൻ ആവിഷ്കാരരീതിയും ഈ പുസ്തകത്തിന്റെ ഒരു സവിശേഷതയാണ്.

ഈ പുസ്തകത്തിനൊരു ഭാസുരഭാവിയുള്ളതിനാൽ, ചില ചില്ലറ നോട്ടക്കുറവുകൾ ചൂണ്ടിക്കാട്ടട്ടെ. ഡോ. ഷീലടീച്ചർ അക്ഷരത്തെറ്റുകൾക്ക് അടിവരയിട്ടതായി കാണുന്നു. പ്രസാധകരുടെ ശ്രദ്ധക്കുറവിനാലോ എന്തോ, ധാരാളം അക്ഷരപ്പിശകുകൾ കടന്നുകൂടിയിട്ടുണ്ട്. പിന്നെ ശ്രദ്ധയിൽ പെട്ട ചെറിയ പാകപ്പിഴകൾ കൂടി പ്രതിപാദിയ്ക്കട്ടെ. ആംഗലേയത്തിലെ സർവനാമങ്ങളെഴുതുമ്പോൾ കഴിവതും ആ ഭാഷയിലെ ഉച്ചാരണത്തിനനുസരിച്ച് എഴുതുന്നതായിരിക്കും അഭികാമ്യം. ഉദാഹരണത്തിന്, ഗ്യാരേജിനു പകരം ഗരാജ് എന്നും ഇസ്പാനിക്കിനു ഹിസ്പാനിക്കെന്നും മിക്ഡൊണാൾഡിന് മക്ഡോണൾഡ് എന്നും ഗ്രാൻ സെൻടറിന് ഗ്രാൻഡ് സെൻട്രൽ എന്നുമാണു വേണ്ടത്. പിന്നെ നാട്ടിലെ വായനക്കാർക്കു മനസ്സിലാകാൻ, 'ട്രാൻസ്ഫർ' തുടങ്ങിയ സാങ്കേതികപദങ്ങൾക്ക് Asterisk (*) ഇട്ട് ടിപ്പണി കൊടുക്കുന്നതു നന്നായിരിക്കും. പിന്നെ, നട്ടെല്ലില്ലാത്ത ഉരഗം എന്ന പ്രയോഗം (Reptiles are vertebrates), പെയ്തിറങ്ങുന്ന മഞ്ഞ്, എവിടേയും തൂവെള്ള, റോഡരികിലെ വേപ്പുമരങ്ങൾ മഞ്ഞു പുതച്ച ദുർഭൂതത്തെപ്പോലെ നിന്നു: ശൈത്യകാലാവസ്ഥയിൽ വേപ്പുമരമോ? 'കലിംഗത്തിലെ യുദ്ധം കൊണ്ടു തൃപ്തനായ അശോകനെപ്പോലെ ആരും വാളുപേക്ഷിക്കുന്നില്ല': യുദ്ധം ജയിച്ചെങ്കിലും അനേകരുടെ ഹത്യയിൽ മനം നൊന്ത് അദ്ദേഹത്തിന് അഹിംസയിലേക്കുള്ള മാനസാന്തരം വരികയല്ലേ ഉണ്ടായത്? തപ്തനെന്നായിരിക്കുമോ ഉദ്ദേശിച്ചത്?

ആദ്യകാല മലയാളി കുടിയേറ്റക്കാരുടെ അങ്കലാപ്പുകളും നൊമ്പരങ്ങളും പങ്കപ്പാടുകളും 'ഇക്കരെയാണെന്റെ താമസം, അക്കരെയാണെന്റെ മാനസം' എന്ന സങ്കല്പത്തിൽ നിന്നു കടുകിട വ്യതിചലിക്കാൻ കൂട്ടാക്കാത്ത, അല്ലെങ്കിൽ മോചനം കിട്ടാത്തവരുടെ മാനസികപിരിമുറുക്കങ്ങളും അവരുടെ ഉപജീവനവും അതിജീവനവുമാണ് ഈ നോവലിലെ ഇതിവൃത്തം. അമേരിക്കൻ മലയാളി കുടിയേറ്റക്കാരനായ ഒരെഴുത്തുകാരന്റെ കൈരളിക്കുള്ള നിവേദ്യമാണ് ഈ കൃതി.

വിത്തിൽ നിന്നു മുളപ്പിച്ചൊരു ചെടി പറിച്ചുമാറ്റുമ്പോൾ അതിജീവനത്തിനുണ്ടാകുന്ന വൈഷമ്യങ്ങൾ നാം കാണാറുണ്ട്. അപ്പോൾപ്പിന്നെ കുടിയേറ്റപ്രവാസികളുടെ കാര്യം പറയേണ്ടതുണ്ടോ! ഒരു കുടുംബം പോറ്റിയെടുക്കാനുള്ള തത്രപ്പാടിനിടെ 'ഒരു രാത്രിവണ്ടിയുടെ കാവൽക്കാരന്' 373 പുറങ്ങളുള്ള ബൃഹത്തായൊരു നോവൽ കൈരളിയ്ക്കു സമർപ്പിക്കാൻ കഴിഞ്ഞെന്ന അസൂയാവഹമായ നേട്ടത്തിന് ഈ നോവലിസ്റ്റിനെ അകമഴിഞ്ഞ് അനുമോദിക്കുന്നു. സാഹിതീതല്പരരായ വായനക്കാർക്കെല്ലാം ആസ്വദിക്കാൻ തക്ക ലളിതസുന്ദരശൈലിയിലുള്ള ഈ പുസ്തകത്തിനും അതിന്റെ ശില്പിയ്ക്കും അനുമോദനങ്ങളും ഒപ്പം ഭാവുകങ്ങളും നേരുന്നു. 'പ്രവാസികളുടെ ഒന്നാം പുസ്തക'ത്തിന്റെ അനേകം പിന്തുടർച്ചക്കാർ ഈ അനുഗൃഹീതസാഹിത്യകാരനിൽ നിന്നും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.